പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1220

08.02.2013-ൽ മറുപടി നൽകേണ്ടത്

## ഭൂമിയില്ലാത്തവർക്ക് ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്. സലീഖ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനസർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഏക്കർ ഭൂമിയാണുള്ളത്; ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ) ജില്ലകളിൽ നിന്നും വിവരം ശേഖരിക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതുമാണ്. |
| (ബി) ഈസർക്കാർ അധികാരമേറ്റശേഷം 2012 ആഗസ്റ്റ് 15 വരെ ഭൂമിയില്ലാത്ത വരുടെയും, ഭൂമിക്ക് അർഹതയുള്ളവരുടെയും കണക്ക് വിവിധ വില്ലേജാഫീസുകൾ വഴി ശേഖരിച്ചതുപ്രകാരം എത്ര പേർ ഇതിന് അർഹരായിട്ടുണ്ട്; ജില്ലതിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (ബി) ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി പ്രകാരം 15.08.2012 വരെയുള്ള അപേക്ഷകരിൽ 2,33,232 പേർ പ്രാഥമിക പരിശോധനയിൽ ഭൂമി പതിച്ച് കിട്ടുന്നതിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. വ്യക്തമായ മാനദണ്ഡങ്ങളി ലൂടെയുള്ള സൂക്ഷ്മ പരിശോധന കഴിഞ്ഞാൽ മാത്രമേ അർഹരായ ഗുണഭോക്താക്കളുടെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (സി) 2013 ജനുവരി 1 മുതൽ നടന്ന ഭൂസമരത്തെത്തുടർന്ന് പ്രസ്തുത തീയതി 2012 ആഗസ്റ്റ് 15-ൽ നിന്നും എന്നുവരെ നീട്ടുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 15.02.2013 വരെ നീട്ടിക്കൊണ്ട് 25.01.2013-ൽ സർക്കാർ ഉത്തരവായി ട്ടുണ്ട്. |
| (ഡി) ഭൂമിദാനപദ്ധതിയിൽ കാൻസർ രോഗികൾ, വികലാംഗർ, വിധവകൾ എന്നിവർക്കു മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) പരിഗണിക്കുന്നതാണ്. |
| (ഇ) 2013 ആഗസ്റ്റ് 15-ന് എത്രപേർക്കാണ് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നത്; എത്ര സെന്റ് വീതം; ആയതിലേയ്ക്ക് എത്ര ഏക്കർ ഭൂമി വേണ്ടിവരും; വിശദമാക്കുമോ; | (ഇ) ഭൂമിയുടെ ലഭ്യതയ്ക്കനുസൃതമായി പരമാവധി ഒരു ലക്ഷം പേർക്ക് 2013 ആഗസ്റ്റ് 15 നകം മൂന്ന് സെന്റ് ഭൂമി വീതം നൽകാനാണ് ഉദ്ദേശിക്കുന്നത്. വഴി സൗകര്യം, പൊതു ആവശ്യങ്ങൾ എന്നിവ കണക്കിലെടുക്കുമ്പോൾ ഒരു ലക്ഷം ഗുണഭോക്താക്കൾക്ക് വേണ്ടി ഉദ്ദേശം 3300 |

ഏക്കർ ഭൂമി ആവശ്യമായി വരുമെന്ന് കാണുന്നു.

(എഫ്) സർക്കാരാവശ്യത്തിനായി മാറ്റി വെച്ചിട്ടുള്ള ഭൂമി, പദ്ധതികളുടെ ആവശ്യത്തിന് ഏറ്റെടുക്കുകയും ഇപ്പോൾ ഉപയോഗിക്കാത്തതുമായ ഭൂമി, പുറമ്പോക്കുഭൂമി എന്നിവ അളന്നു തിട്ടപ്പെടുത്തി നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി ഭൂമിയില്ലാത്ത മുഴുവൻ പേർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എഫ്) സംസ്ഥാനത്ത് ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ഭൂമി നൽകുന്നതിനാണ് 'Zero landless (Citizen) Kerala 2015' പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ

Q.No-1220

അനുബന്ധം

| Sl.No. | District | |
|---|---|---|
| 1 | Thiruvananthapuram | 39636 |
| 2 | Kollam | 27822 |
| 3 | Pathanamthitta | 5791 |
| 4 | Alappuzha | 12229 |
| 5 | Kottayam | 9905 |
| 6 | Idukki | 8239 |
| 7 | Ernakulam | 29608 |
| 8 | Thrissur | 27196 |
| 9 | Palakkad | 20433 |
| 10 | Malappuram | 19997 |
| 11 | Kozhikode | 7145 |
| 12 | Wayanad | 4179 |
| 13 | Kannur | 10101 |
| 14 | Kasaragod | 10951 |
| Total | | 233232 |

S.O.